പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 256 29-10-2026-ൽ മറുപടിയ്ക്ക്

കേരള സർവ്വകലാശാല, എ.കെ.ജി. സെന്റർ എന്നിവ സ്ഥിതി ചെയ്യുന്ന ഭൂമി അളക്കൽ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീമതി കെ. കെ. രമ

ഡോ. മാത്യു കുഴൽനാടൻ

ശ്രീ. കെ. എം. അഭിജിത്ത്

ശ്രീ. രമേഷ് പിഷാരടി

മറുപടി നൽകിയ മന്ത്രി

ശ്രീ. എ. പി. അനിൽ കുമാർ
(റവന്യൂ വകുപ്പ് മന്ത്രി)

(എ) കേരള സർവ്വകലാശാല, എ.കെ.ജി. സെന്റർ എന്നിവ സ്ഥിതി ചെയ്യുന്ന ഭൂമി അളന്നു തിട്ടപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് ഹൈക്കോടതി നിർദേശപ്രകാരം റവന്യൂ വകുപ്പ് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; പ്രസ്തുത ഭൂമി അളന്നു തിട്ടപ്പെടുത്തുന്നതിനായി ഹൈക്കോടതി നിർദേശിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ നിർദേശങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ;

മറുപടി: വഞ്ചിയൂർ വില്ലേജിൽ കേരള സർവകലാശാല, എ.കെ.ജി സെന്റർ എന്നിവ സ്ഥിതി ചെയ്യുന്ന ഭൂമി സംബന്ധിച്ച് ബഹു. കേരള ഹൈക്കോടതി മുൻപാകെ ഫയൽ ചെയ്തിട്ടുള്ള WP(PIL) No. 12/2026 നമ്പർ കേസുമായി ബന്ധപ്പെട്ട്, വഞ്ചിയൂർ വില്ലേജിൽ ബ്ലോക്ക് നമ്പർ 52 ൽ, മുൻ റീ സർവ്വെ നമ്പർ 2645 ൽ ഉൾപ്പെട്ട കേരള യൂണിവേഴ്സിറ്റിയുടെ ഭൂമി അളന്ന് തിട്ടപ്പെടുത്തുന്നതിന് താലൂക്ക് ഹെഡ് സർവ്വയറുടെ നേതൃത്വത്തിൽ ഒരു സ്പെഷ്യൽ ടീമിനെ നിയോഗിക്കുകയും നിലവിൽ കേരള സർവകലാശാലയുടെ കൈവശത്തിലുള്ള ഭൂമി (വഞ്ചിയൂർ വില്ലേജിൽ ബ്ലോക്ക് നം.52-ൽ റീസർവേ നമ്പർ 46) അളന്നു തിട്ടപ്പെടുത്തിയിട്ടുള്ളതുമാണ്. ബഹു. ഹൈക്കോടതി WP(PIL) No. 12/2026 എന്ന പൊതുതാല്പര്യ ഹർജിയിലെ 09.09.2026-ലെ ഉത്തരവിൽ സർവ്വേ നടപടികൾ രണ്ടാഴ്ചയ്ക്കകം പൂർത്തീകരിയ്ക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത ഭൂമിയുടെ അതിർത്തികൾ, വിസ്തീർണം, ഉടമസ്ഥാവകാശം എന്നിവ സംബന്ധിച്ച് പരിശോധന നടത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്;

മറുപടി: കേരള സർവ്വകലാശാലയുടെ കൈവശത്തിലുള്ള ഭൂമി (വഞ്ചിയൂർ വില്ലേജിൽ ബ്ലോക്ക് നം. 52-ൽ റീസർവേ നമ്പർ 46) അളന്നു തിട്ടപ്പെടുത്തിയിട്ടുണ്ട്. റീസർവേ നമ്പർ 46, 48, 49, 50, 51 എന്നിവയിൽ ഉൾപ്പെട്ട ഭൂമികളിൽ നിന്ന് റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് ഭൂമി ഏറ്റെടുക്കൽ നടത്തിയിട്ടുണ്ടോ എന്ന് പരിശോധിച്ച് വരുന്നു.

(സി) ഭൂമി അളന്നുതിട്ടപ്പെടുത്തുന്നതിനുള്ള നടപടികൾ നിലവിൽ ഏത് ഘട്ടത്തിലാണ്; പരിശോധന പൂർത്തിയാക്കുന്നതിന് സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

മറുപടി: ഭൂമി അളന്ന് തിട്ടപ്പെടുത്തുന്നതിന്റെ ഭാഗമായി ഭൂമിയുടെ സർവ്വെ നടത്തുന്നതിന് താലൂക്ക് ഹെഡ് സർവ്വെയറുടെ നേതൃത്വത്തിൽ ഒരു സ്പെഷ്യൽ ടീമിനെ നിയോഗിച്ചിട്ടുള്ളതും കേരള സർവ്വകലാശാലയുടെ കൈവശത്തിലുള്ള സ്ഥലം (വഞ്ചിയൂർ വില്ലേജിൽ ബ്ലോക്ക് നം. 52-ൽ റീസർവേ നമ്പർ 46) അളന്നു തിട്ടപ്പെടുത്തിയിട്ടുള്ളതുമാണ്.

(ഡി) പരിശോധനയിൽ സർക്കാർ ഭൂമി കൈയേറ്റമോ ഭൂമിയുടെ അതിർത്തി സംബന്ധിച്ച ക്രമക്കേടുകളോ കണ്ടെത്തുന്നപക്ഷം നിയമാനുസൃത തുടർനടപടികൾ സ്വീകരിക്കുമോ; റോഡ് വികസനത്തിന് വേണ്ടി കേരള സർവ്വകലാശാലയിൽ നിന്ന് എത്ര സെന്റ് ഭൂമിയാണ് ഏറ്റെടുത്തതെന്ന് വിശദമാക്കുമോ?

മറുപടി: WP(PIL) No. 12/2026 നമ്പർ കേസിൽ ബഹു. കേരള ഹൈക്കോടതിയുടെ അന്തിമവിധിന്യായത്തിന് വിധേയമായി തുടർനടപടികൾ സ്വീകരിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ